# പതിമൂന്നാം കേരള നിയമസഭ

## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :770 08.03.2012- ൽ മറുപടിയ്ക്ക്

## മംഗലം ഡാം കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മംഗലം ഡാം സ്രോതസ്സായി ഒരു കുടിവെള്ള പദ്ധതി രണ്ടു വർഷം മുമ്പ് രൂപ കല്പന ചെയ്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മംഗലം ഡാം സ്രോതസ്സായി വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ഒരു കുടിവെള്ള പദ്ധതി രൂപ കല്പന ചെയ്തിട്ടുണ്ട്. |
| (ബി) ഇറിഗേഷൻ വകുപ്പും വാട്ടർ അതോറിറ്റിയും സംയുക്തമായി നടത്തുന്ന ഇൻവെസ്റ്റിഗേഷൻ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;<br>(സി) ഇൻവെസ്റ്റിഗേഷൻ ത്വരിതപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി & സി) ഈ പദ്ധതിക്കാവശ്യമായ സ്രോതസ്സും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനായി മംഗലം ഡാമും പരിസരവും 03.11.2011-ന് ഇറിഗേഷൻ വകുപ്പും, വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷനും സംയുക്തമായി ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. മംഗലം ഡാമിന്റെ ഏകദേശം 200 മീറ്റർ താഴെ പുഴയിൽ കേരള വാട്ടർ അതോറിറ്റി ജലശുദ്ധീകരണശാലയ്ക്കായി കണ്ടുവെച്ചിരുന്ന സ്ഥലത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കാമെന്നാണ് പരിശോധനയിൽ ഉയർന്നു വന്ന ഒരു പരിഹാര നിർദ്ദേശം ഇതുമൂലം ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താം. കൂടാതെ ഡാം കവിഞ്ഞൊഴുകുന്ന സമയത്ത് ജലം സംഭരിക്കുകയും ദിവസവും പമ്പ് ചെയ്യുകയും ചെയ്യാം. എന്നാൽ വേനൽക്കാലത്ത് ചെക്ക് ഡാമിലെ വെള്ളം കുറയുന്ന മുറക്ക് ഡാമിൽ നിന്ന് ജലം ചെക്ക് ഡാമിൽ നിറച്ചു നൽകേണ്ടതായി വരും. ഇക്കാര്യം വിശദമായി പഠിച്ച് ജലലഭ്യത ഉറപ്പ് വരുത്താൻ കഴിയുന്ന പക്ഷം പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സത്വരം സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ